# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1325

07.06.2018-ൽ മറുപടിക്ക്

## മുന്നാട്-കറ്റിക്കോലിൽ സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; | എ) ഇപ്പോൾ പരിഗണനയിലില്ല. |
| ബി) കാസർകോട് ജില്ലയിലെ മലയോര പഞ്ചായത്തുകളായ ബേഡഡുക്ക, കുറ്റിക്കോൽ എന്നിവ പ്രവർത്തന പരിധിയായി കണക്കിലെടുത്ത് മുന്നാട്-കുറ്റിക്കോലിൽ സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി വർഷങ്ങൾക്ക് മുൻപ് തന്നെ വകുപ്പ് പൂർത്തിയാക്കിവെച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) ഉണ്ട്. മുന്നാട് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിവേദനം, സർക്കാരിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കുവാൻ സാധിക്കാത്തതിനാൽ 2014-ൽ നിരസിച്ചിട്ടുള്ളതാണ്. |
| സി) എങ്കിൽ കാസർകോട് ജില്ലയിലെ മലയോര മേഖലയിലെ മുന്നാട്-കുറ്റിക്കോൽ കേന്ദ്രമാക്കി സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ